"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ഡി. വിക്ടർരാജിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2395/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

പരാമർശം

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06/09/2016 -ലെ E13 (SC18/2016/IDK/LSGD) 14923/2016 നമ്പർ കത്ത്.
2. സർക്കാരിന്റെ 25.01.2017 ലെ ഇപിബി2/314/2016/തസ്വഭവ നമ്പർ കുറ്റപത്രം.
3. പഞ്ചായത്ത് ഡയറക്ടറുടെ 04/08/2017-ലെ ഡി8-40804/2016 നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം. 3617/2017/തസ്വഭവ. തീയതി 09/11/2017.
5. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/01/2018-ലെ ബി1-8625/16 നമ്പർ റിപ്പോർട്ട്.
6. സ.ഉ.(സാധാ)നം.2591/2018/തസ്വഭവ. തീയതി 09/10/2018.
7. സ.ഉ.(സാധാ)നം. 649/2019/തസ്വഭവ. തീയതി 18/03/2019.
8. സ.ഉ.(സാധാ)നം. 934/2022/തസ്വഭവ. തീയതി 12/04/2022.
9. സർക്കാരിന്റെ 05/05/2022 ലെ ഇപിബി4/40/2021/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
10. ശ്രീ. ഡി. വിക്ടർ രാജ് 05/11/2022 ൽ സമർപ്പിച്ച മറുപടി.
11. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/01/2024 ലെ LSGD/PD/11725/2023-VIGB3 നമ്പർ കത്ത്.
12. ശ്രീ. വിക്ടർ രാജ് 05.08.2025-ൽ സമർപ്പിച്ച ഹിയറിംഗ് സംബന്ധിച്ച പ്രസ്താവന.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കിയതിൽ ക്രമക്കേടുകൾ ഉണ്ടെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 23.05.2016-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. 2015-16 വർഷം ഏലപ്പാറ ഗ്രാമപഞ്ചായത്ത് പുതുതായി പണി കഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ 8 കടമുറികൾ ലേലം ചെയ്ത് കൊടുത്തിട്ടുള്ളതാണ്. എന്നാൽ അതിനുശേഷം 2015 ഏപ്രിൽമാസം മുതൽ നാളിതുവരെയും പ്രവീൺ പ്രഭ എന്നയാളൊഴികെ മറ്റാരും വാടക അടച്ചിട്ടില്ലാത്തതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജ് (കുറ്റാരോപിതൻ 1) കക്ഷികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. ടിയാനും വാടകക്കാരും തമ്മിൽ തയ്യാറാക്കിയിരിക്കുന്ന വാടക എഗ്രിമെന്റ് പത്രത്തിൽ നിലവിലെ വാടക എത്രയാണെന്ന കാര്യം പറഞ്ഞിട്ടില്ലാത്തതാണ്. വാടക കെട്ടിടങ്ങളുടെ സെക്ഷൻ കൈകാര്യം ചെയ്യുന്ന സീനിയർ ക്ലാർക്ക് ശ്രീമതി സുശീല പി.കെ. (കുറ്റാരോപിത 2) പേര്, സർട്ടിഫിക്കറ്റ്, ഓഫീസ് സീൽ, ഒപ്പ് എന്നിവയില്ലാതെ വാടക രജിസ്റ്ററുകൾ പരിപാലിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

3. പതിനാല് മാസമായി വാടക പിരിച്ചെടുക്കാതിരിക്കുകയും കുടിശ്ശികയുള്ള വാടകക്കാരുടെ പേരിൽ യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുകയും എഗ്രിമെന്റിൽ വാടക തുക രേഖപ്പെടുത്താതെ എഗ്രിമെന്റ് കൃത്യമായി തയ്യാറാക്കാതിരുന്നതിനും ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജിനെതിരെയും വാടക രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിന് ഏലപ്പാറ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലർക്ക് ശ്രീമതി സുശീല പി.കെ.യ്ക്കെതിരെയും വകുപ്പുതല നടപടികൾക്ക് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

4. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജിനെതിരെയും, സീനിയർ ക്ലർക്ക് ശ്രീമതി സുശീല പി.കെ.യ്ക്കെതിരെയും KCS (CC & A) Rules പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡി. വിക്ടർ രാജിനെതിരെ KCS (CC&A) Rules പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി പരാമർശം (2) പ്രകാരമാണ് അച്ചടക്ക നടപടി ആരംഭിച്ചിരുന്നത്.

5. കുറ്റപത്രത്തിന് ശ്രീ. ഡി. വിക്ടർരാജ്, സമർപ്പിച്ച പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ കുടിശ്ശികയുള്ള വാടകക്കാരുടെ പേരിൽ യഥാസമയം വേണ്ട നടപടികൾ സ്വീകരിച്ചിരുന്നുവെന്നും എഗ്രിമെന്റിൽ വാടക തുക രേഖപ്പെടുത്തിയിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡി. വിക്ടർ രാജ് അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചപ്പോൾ സെക്രട്ടറി നടപടി സ്വീകരിക്കുന്നതിൽ വൈകിയതായും എഗ്രിമെന്റിൽ വാടക തുക പിന്നീടാണ് എഴുതിച്ചേർത്തത് എന്നും വെളിപ്പെടുകയുണ്ടായി.

6. തുടർന്ന്, ശ്രീ. വിക്ടർ രാജിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15

അനുശാസിക്കും പ്രകാരം ശ്രീ. വിക്ടർ രാജിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

7. പ്രസ്തുത റിപ്പോർട്ടിൽ, 09.01.2018-ൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വച്ച് നടന്ന അന്വേഷണത്തിൽ 2015-16-ലെ ലേല ഡയറി, വാടക രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ നേരിൽ പരിശോധിച്ചതിൽ 7.04.2015-ൽ ശ്രീ. വിക്ടർ രാജ് ചാർജ്ജ് ഏറ്റെടുക്കുന്നതിന് മുമ്പുതന്നെ ലേല നടപടികൾ പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും, പഞ്ചായത്തിന്റെ 30.03.2015 ലെ II(3), (4), (5)-ാം നമ്പർ തീരുമാനപ്രകാരം ലേലം അംഗീകരിച്ചിട്ടുള്ളതായും കാണുന്നുവെന്നും ടിയാൻ സെക്രട്ടറിയായി ചാർജ്ജ് എടുത്തതിന് ശേഷം 22.04.2015-ൽ എഴുതിയ വാടകക്കരാർ 11.06.2015 തീയതി രേഖപ്പെടുത്തി ഒപ്പിട്ടിരിക്കുന്നത് ക്രമപ്രകാരമല്ലെന്നും അച്ചടിച്ച വാടകക്കരാറിൽ പ്രതിമാസ വാടക പിന്നീട് എഴുതിച്ചേർത്ത് സെക്രട്ടറി ഒപ്പ് വച്ചിട്ടുള്ളതായും, രണ്ടാം നമ്പർ കടമുറി ലേല ഡയറി പരിശോധിച്ചതിൽ ശ്രീ. പ്രവീൺ പ്രഭ, വെട്ടുപറമ്പിൽ എന്നയാൾക്ക് 5,600/- രൂപ നിരക്കിൽ ലേലം അംഗീകരിച്ചിട്ടുള്ളതായി കാണുന്നുവെന്നും എന്നാൽ കരാറിൽ 5,000/-രൂപ പ്രതിമാസ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കൂടാതെ വാടക രജിസ്റ്റർ പ്രകാരം ടിയാൻ 5,000/- രൂപ വീതം മാത്രമാണ് ഒടുക്കിയിട്ടുള്ളതെന്നും വാടകക്കരാർ തയ്യാറാക്കിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

8. പ്രതിമാസം 600/-രൂപ വീതം ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളതായും, 2016-17-ൽ നിലവിലുള്ള വാടകയുടെ 5% വർദ്ധിപ്പിച്ചാണ് വാടക നിശ്ചയിച്ച് നൽകിയിട്ടുള്ളതെന്നും ആയത് പ്രകാരം 2-ാം നമ്പർ കടമുറിയുടെ വാടക 5,250/-രൂപയാണ് നിശ്ചയിച്ചതെന്നും എന്നാൽ യഥാർത്ഥത്തിൽ 5,600/- രൂപയുടെ 5 % വർദ്ധിപ്പിച്ച് 5,880/- രൂപയായിരുന്നു ഈടാക്കേണ്ടിയിരുന്നതെന്നും തന്മൂലം പഞ്ചായത്തിന് പ്രതിമാസം 630/-രൂപ വീതം നഷ്ടം സംഭവിച്ചിട്ടുള്ളതായും ആയത് 2017-18 ലും തുടർന്ന് വരികയും ചെയ്യുന്നുവെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

9. ഒന്നാം നമ്പർ കടമുറി ഏറ്റെടുത്ത ശ്രീ. രമേഷ് പാറവിളയും മൂന്നാം നമ്പർ കടമുറി ഏറ്റെടുത്ത ശ്രീ.ഷാജി കൊല്ലംപറമ്പിലും ഒഴികയുള്ള എല്ലാ വാടക കുടിശ്ശികക്കാരും 2015-16-ലെ തുക 01.04.2016 മുതൽ 30.07.2016 വരെയുള്ള കാലയളവിൽ പല ഗഡുക്കളായി ഒടുക്കിയിട്ടുള്ളതായും കാണുന്നുവെന്നും വാടക കുടിശ്ശികക്കാർക്ക് കുടിശ്ശിക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് 30.09.2015-ൽ സെക്രട്ടറി നോട്ടീസ് നൽ കിയതായും 30.10.2015-ൽ ആർ.ആർ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ പിന്നീട് വാടക ഈടാക്കുന്നതിനുള്ള തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലെന്നും പുതിയ ഷോപ്പിംഗ് കെട്ടിടത്തിൽ 8 കടമുറികളിൽ 5 കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 3 കടമുറികളുടെ വാടകയിനത്തിൽ ലഭിക്കേണ്ട 2,01,600/- രൂപയിൽ 58,300/-രൂപ മാത്രമേ 2015-16 കാലയളവിൽ

പിരിച്ചെടുത്തിട്ടുള്ളൂവെന്നും മറ്റ് രണ്ട് കടമുറികളുടെ വാടകയായ 1,52,400/- രൂപ ഉൾപ്പെടെ 2,95,700/- രൂപ 2015-16-ൽ പിരിച്ചെടുത്തിട്ടില്ലെന്നും നിലവിൽ 2, 3 നമ്പർ കടമുറികളൊഴികെയുള്ള എല്ലാ വാടകക്കാരും കുടിശ്ശിക പൂർണ്ണമായും ഇപ്പോൾ ഒടുക്കിയിട്ടുണ്ടെന്നും വാടക ഒടുക്കാതിരുന്ന ശ്രീ. രമേശ് പാറവിളയിൽ, ശ്രീ. ഷാജി, കൊല്ലംപറമ്പിൽ എന്നിവർ ഉപയോഗിച്ചിരുന്ന കടമുറികൾ 08.11.2016-ൽ അടച്ചുപൂട്ടി സീൽ ചെയ്തിട്ടുള്ളതും ടിയാളുകളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണെന്നും ശ്രീ. വിക്ടർരാജ് സെക്രട്ടറിയായിരുന്ന 2015-16 വർഷം പുതിയ ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഒട്ടാകെ 2,95,700/-രൂപ പിരിച്ചെടുത്തിട്ടില്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

10. ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിച്ചെടുക്കുന്നതിനായി ശ്രീ. വിക്ടർ രാജ് നോട്ടീസ് അയച്ചിട്ടുണ്ട് എന്നതും 19.03.2016 മുതൽ ടിയാൻ ഇലക്ഷൻ ഫ്ലൈയിംഗ് സ്ക്വാഡുമായി ബന്ധപ്പെട്ട് ജോലി ചെയ്തിരുന്നതിനാൽ മാർച്ച് മാസം ആഫീസിലെ ജോലിയിൽ പൂർണ്ണമായി ശ്രദ്ധിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്ന വാദവും പരിഗണിക്കാവുന്നതല്ലെന്നും ടിയാനെതിരെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

11. വാടകക്കരാർ പരിശോധിച്ചതിൽ പ്രതിമാസ വാടക നിരക്ക് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വാടകക്കരാറിൽ വാടക രേഖപ്പെടുത്തിയിട്ടില്ല എന്ന ചാർജ്ജിൽ നിന്ന് ടിയാനെ ഒഴിവാക്കാവുന്നതാണെന്നും എന്നാൽ 2-ാം നമ്പർ കടമുറിയുടെ വാടകക്കരാർ തയ്യാറാക്കിയതിലെ പിശക് മൂലം കുറവ് വന്നതും പഞ്ചായത്തിന് നഷ്ടം വന്നതുമായ 2015-16 വർഷത്തെ 7,200/- രൂപ (600 X 12മാസം), 2016-17 വർഷത്തെ 7,560/- രൂപ (630 X 12മാസം), 2017-18 വർഷം 2018 ജനുവരി വരെയുള്ള 6,610/-രൂപ (661 X 10മാസം) ഉൾപ്പെടെ ആകെ 21,370/-രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. വിക്ടർരാജ്, ടി കാലയളവിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. ജോണി പി.ജെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ഷാഹുൽ അഹമ്മദ് എന്നിവരിൽ നിന്ന് ഈടാക്കാവുന്നതാണെന്നും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഏലപ്പാറ ഗ്രാമപഞ്ചായത്തു സെക്രട്ടറി ശ്രീ.ഡി. വിക്ടർ രാജിനെതിരെ സ്വീകരിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ടും സീനിയർ ക്ലർക്ക് ശ്രീമതി. സുശീല പി.കെ യ്ക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി ടിയാരിയുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേക്ക് തടഞ്ഞു കൊണ്ടും ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയും, കൂടാതെ പരാമർശം (6) ഉത്തരവ് പ്രകാരം നഷ്ടംവന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഈടാക്കി നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (7) ഉത്തരവ് പുറപ്പെടുക്കുകയുണ്ടായി.

**13.** എന്നാൽ **18/06/2018** ൽ ശ്രീ. ഡി വിക്ടർ രാജ് വിരമിച്ചതിനാൽ **KCS (CC & A) Rules** അനുസരിച്ച്, പരാമർശം **(7)** ലെ ഉത്തരവ് പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്കനടപടി തീർപ്പാക്കിയത് നടപ്പാക്കാനായില്ല. സർവീസിൽ നിന്ന് വിരമിച്ച ഒരാൾക്ക് എതിരെ കെ.സി.സി.എസ് (സി സി. & എ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് പരാമർശം **(8)** ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ **2015-16** സാമ്പത്തികവർഷത്തിൽ പുതുതായി നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിലെ **8** കടമുറികളുടെ വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യവിലോപവും ചട്ടലംഘനവും നടത്തിയ വിഷയത്തിന്മേൽ ടിയാൻ സർവീസിൽ ഇരുന്നപ്പോൾ അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ടിയാനെതിരെ കെ എസ് ആർ ഭാഗം **3** ചട്ടം **3**(എ) പ്രകാരം ശ്രീ. വിക്ടർ രാജിന്റെ പ്രതിമാസ പെൻഷനിൽ നിന്നും **400/-** രൂപ വീതം തുടർച്ചയായി **5** വർഷത്തേക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം **(9)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

**14.** ശ്രീ. ഡി. വിക്ടർ രാജ് പരാമർശം **(10)** പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(11)** പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ **2015-16** സാമ്പത്തികവർഷത്തിൽ പുതുതായി നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിലെ **8** കടമുറികൾ ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും **2015** ഏപ്രിൽ മാസം മുതൽ ശ്രീ. പ്രവീൺ പ്രഭ എന്നയാളൊഴികെ മറ്റാരും വാടക അടച്ചിട്ടില്ലായെന്നും, വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറിയായിരുന്ന ശ്രീ ഡി. വിക്ടർരാജ് വാടകക്കാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും, വാടകക്കരാർ പത്രത്തിൽ നിലവിലെ വാടക എത്രയാണെന്ന വിവരം പരാമർശിച്ചിട്ടില്ലായെന്നും, പതിനാല് മാസം വാടക പിരിച്ചെടുക്കാതിരിക്കുകയും കുടിശ്ശികയുള്ള വാടകക്കാരുടെ പേരിൽ യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ ഗുരുതരമായ ക്രമക്കേട് നടന്നിട്ടുള്ളതായും ആയതുവഴി സെക്രട്ടറിയായിരുന്ന ശ്രീ. ഡി വിക്ടർരാജ് കൃത്യവിലോപവും ചട്ടലംഘനവും, അച്ചടക്കരാഹിത്യവും നടത്തിയിരിക്കുന്നുവെന്നും ശ്രീ. ഡി. വിക്ടർ രാജിന് നൽകിയിട്ടുള്ള കുറ്റപത്രത്തിൽ പരാമർശിച്ചിരുന്നു.*

*കാരണം കാണിക്കൽ നോട്ടിസിനുള്ള മറുപടിയിൽ ശ്രീ. വിക്ടർ രാജ്, **17.01.2018**-ലെ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പൂർണ്ണമായും നിരാകരിച്ചിട്ടുള്ളതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണ് എഗ്രിമെന്റും ലേല ഡയറിയും കെട്ടിട വാടക രജിസ്റ്ററും തയ്യാറാക്കിയിട്ടുള്ളത് എന്നാണ് ടിയാൻ അവകാശപ്പെട്ടിട്ടുള്ളത്. എന്നാൽ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ടിയാൻ തയ്യാറാക്കിയ വാടക കരാർ ഉടമ്പടികൾ **2005**-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ഫോറം-2 ന് അനുയോജ്യമായിട്ടല്ല ഉണ്ടാക്കിയിരിക്കുന്നത് എന്ന് ആയത്*

*പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. **30.01.2016**-ൽ പീരുമേട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്ററുകൾ പരിപാലിക്കുന്നത് കൃത്യമായ വിധത്തിലല്ല എന്നും, വാടക കരാർ പത്രങ്ങൾ ചമച്ചിരിക്കുന്നത് **2005**-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമല്ല എന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കിക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ **27.02.2016**-ൽ ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ടി വിശദീകരണം ആവശ്യപ്പെട്ട കാലയളവിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനം ചെയ്തിരുന്നത് ശ്രീ. ഡി വിക്ടർ രാജ് ആണ്. (ശ്രീ. ഡി. വിക്ടർ രാജ് **07.04.2015** മുതൽ **31.05.2016** വരെയും **22.06.2016** മുതൽ **13.07.2016** വരെയുമാണ് ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി തസ്തികയിൽ ചുമതലയിലുണ്ടായിരുന്നത്). ആയതിനാൽ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വാടക കരാർ ഉണ്ടാക്കിയിരിക്കുന്നത് ചട്ടങ്ങൾ പാലിച്ചല്ല എന്നും ക്രമപ്രകാരമല്ല എന്നും, ആയത് ശരിയാംവിധം പരിപാലിക്കേണ്ടതാണെന്നും ഉപരി കാര്യാലയത്തിൽ നിന്നും വ്യക്തമായ നിർദ്ദേശം ഉണ്ടായിരിക്കെ **2016** ഏപ്രിൽ മാസത്തിൽ ഇതിനു വിരുദ്ധമായി കരാർ ചമച്ചത് ചട്ടലംഘനവും, ഉത്തരവാദിത്തരാഹിത്യവും, ചുമതലാവീഴ്ചയുമാണെന്ന് കാണുന്നു. ആയതിനാൽ ടിയാന്റെ വാദം തെറ്റായിട്ടുള്ളതും നിലനിൽക്കുന്നതുമല്ല.*

*ശ്രീ. ഡി. വിക്ടർ രാജിന്റെ മറുപടിയിൽ, ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടുള്ളതായി കുറ്റപത്രത്തിൽ പരാമർശിക്കുന്നില്ലായെന്നും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിലോ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകളിലോ സാമ്പത്തിക നഷ്ടം സംബന്ധിച്ച പരാമർശങ്ങളില്ലാത്തതാണ് എന്നും എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ മാത്രമാണ് സാമ്പത്തിക നഷ്ടമായി **21370/-** രൂപ എന്ന് കണക്കാക്കിയിട്ടുള്ളതെന്നും പരാമർശിച്ചിരിക്കുന്നു. കുറ്റപത്രത്തിന് ആധാരമായ വിജിലൻസ് വകുപ്പിന്റെ സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കുറ്റപത്രം തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ കുറ്റപത്രത്തിൽ സാമ്പത്തികനഷ്ടം പരാമർശിച്ചിട്ടില്ലായെന്ന ടിയാന്റെ വാദം അംഗീകരിക്കത്തക്കതല്ല. കുറ്റപത്രം നൽകിയതിനുശേഷമുള്ള ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായുള്ള വിശദമായ പരിശോധനയിലാണ് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം ആധികാരികമായി തിട്ടപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പീരുമേട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ഇടുക്കി പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർക്ക് നൽകിയ **30.01.2016** -ൽ നൽകിയ പ്രത്യേക റിപ്പോർട്ടിൽ ഷോപ്പിങ്ങ് കോംപ്ലക്സ് വാടക ഈടാക്കാത്തത് സംബന്ധിച്ച പരാമർശം ഉള്ളതാണ്. ഔപചാരിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പരിശോധനയിൽ വാടകക്കരാർ പത്രത്തിൽ വാടക രേഖപ്പെടുത്തിയിട്ടുള്ളതിലെ അപാകത ശ്രദ്ധയിൽപ്പെടുകയും വാടക കരാറിൽ പരാമർശിച്ച പ്രകാരമുള്ള വാടക ഈടാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി കണ്ടെത്തിയ സാഹചര്യത്തിലാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. അച്ചടിച്ച വാടകക്കരാർ പത്രത്തിൽ പ്രതിമാസവാടക തുകയിൽ പേന കൊണ്ട് തിരുത്തൽ വരുത്തുകയും ആയത് സെക്രട്ടറിയായിരുന്ന ശ്രീ. ഡി. വിക്ടർ രാജ് തന്നെ ഒപ്പിട്ട് ആധികാരികമാക്കിയിട്ടുള്ളതായും*

*കാണുന്നുണ്ട്. ഇത്തരത്തിൽ തിരുത്തൽ വരുത്തി ഒപ്പു രേഖപ്പെടുത്തിയ തീയതി പരിശോധിച്ചപ്പോൾ ആയത് വിജിലൻസ് വകുപ്പിന്റെ ത്വരിത പരിശോധനാ തീയതിക്കു ശേഷമുള്ള തീയതിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ പിന്നീട് തിരുത്തൽ വരുത്തിയ സാഹചര്യത്തിലാകാം ആയത് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ പരാമർശിക്കാതിരുന്നത് എന്ന് അനുമാനിക്കുന്നു. ഇത്തരത്തിൽ തിരുത്തൽ വരുത്തുകയും തുക എഴുതി ചേർക്കുകയും ചെയ്തിട്ടുള്ള വിവരം ഔപചാരിക അന്വേഷണ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. ശ്രീ. ഡി. വിക്ടർ രാജ് വിജിലൻസ് പരിശോധനക്കു ശേഷം മാത്രമാണ് കരാർപത്രത്തിൽ വാടക തുക രേഖപ്പെടുത്തുകയോ തിരുത്തൽ വരുത്തുകയോ ചെയ്തിട്ടുള്ളത് എന്നതിനാൽ ടിയാൻ ഇക്കാര്യത്തിൽ ബോധപൂർവമായ ക്രമക്കേട് നടത്തിയിട്ടുള്ളതാണെന്ന് നിരീക്ഷിക്കുന്നു. ഇത്തരത്തിൽ യഥാർത്ഥ വസ്തുതകൾ മറച്ചുവെച്ച് പ്രവർത്തിച്ചിട്ടുള്ളതിനാൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടുള്ളതായി പരാമർശിച്ചിട്ടില്ല എന്ന ടിയാന്റെ വാദം നിലനിൽക്കുന്നതല്ല.*

*കൂടാതെ വാടക കടിശ്ശിക ഒരു മാസമായാൽ പോലും ആയത് പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകണമെന്നിരിക്കെ ആയത് സമയബന്ധിതമായി നൽകാതെയിരുന്നതായും വിജിലൻസ് പരിശോധനയ്ക്ക് ശേഷം മാത്രം 9-ാം മാസത്തിൽ നോട്ടീസും തുടർന്ന് റവന്യൂ റിക്കവറി നോട്ടീസുകളും നൽകുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഫയൽ വിഷയവുമായി ബന്ധപ്പെട്ട് പരാതി കക്ഷികളുടെ പരാതിയിൽ ഇത്തരത്തിൽ നോട്ടിസ് നൽകിയത് ചില വിവരാവകാശ പ്രവർത്തകരുടെ ശല്യം മൂലമാണെന്ന് പഞ്ചായത്ത് അധികാരികൾ പറഞ്ഞതായി ആരോപണം ഉന്നയിച്ചിട്ടുള്ളതിനാലും ഇത്തരത്തിൽ തുടർനടപടികൾ സ്വീകരിക്കാതെ നോട്ടീസ് മാത്രം നൽകിയത് സംശയാസ്പദവുമാണ്. ആയതിനാൽ വാടക പിരിച്ചെടുക്കുന്നതിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന ടിയാന്റെ വാദം അംഗീകരിക്കത്തക്കതല്ല എന്നും കുറ്റാരോപണം നിലനിൽക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.*

*പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ഒരിടത്തും ഷോപ്പിങ്ങ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി വാടക കരാർ നിർമ്മിച്ചതിൽ ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും അച്ചടക്കരാഹിത്യവും നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും ഇക്കാര്യങ്ങളാൽ സർക്കാരിന് നഷ്ടം സംഭവിച്ചതായും പറഞ്ഞിട്ടില്ല എന്നും ആയതിനാൽ **KSR Part III Chapter 1 Rule 3-)** യ്ക്ക് പ്രസക്തി ഇല്ല എന്നും **05.05.2022** തിയതി വെച്ച് **03.08.2022** ൽ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിന് കഴിയുകയില്ല എന്നും ശ്രീ ഡി വിക്ടർരാജ് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പേജ് **3**-ൽ ആദ്യ ഖണ്ഡികയിൽ വാടക കരാർ തയ്യാറാക്കിയതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും വീഴ്ച വന്നിട്ടുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന് ടിയാന്റെ പ്രവൃത്തി മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കുറ്റാരോപണ മെമ്മോയിൽ വാടക കരാർ നിർമ്മിച്ചതിൽ ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും അച്ചടക്കരാഹിത്യവും നടത്തിയതായി പരാമർശിച്ചിട്ടുള്ളതുമാണ്. ഇതേ ചാർജ്ജുകൾ തന്നെ*

*ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല എന്ന ടിയാന്റെ ലഘുവാദം നിലനിൽക്കുന്നതല്ല എന്നും, നഷ്ടം സംഭവിച്ചത് സർക്കാരിനല്ല ഗ്രാമപഞ്ചായത്തിനാണ് എന്നുമുള്ള ടിയാന്റെ വാദം നിലനിൽക്കുന്നതല്ല.*

***KSR Part III Chapter 1 Rule 3** ബാധകമാകുന്നത് വിരമിച്ച ഒരുദ്യോഗസ്ഥന്റെ കാര്യത്തിലാണ് എന്ന് കാണുന്നു. ശ്രീ ഡി.വിക്ടർ രാജ് സേവനത്തിൽ നിന്നും വിരമിച്ചത് **31.05.2018**-ലാണ്. ടിയാനെതിരെ തുടർന്നുപോന്നിരുന്ന അച്ചടക്ക നടപടി പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും തുടർന്ന് ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്താണ് **KSR Part III Chapter 1 Rule 3** പ്രകാരമുള്ള നടപടികൾ ആരംഭിച്ചത് എന്ന് കാണുന്നു. വിരമിച്ച ഉദ്യോഗസ്ഥനെതിരെ ടി ചട്ടപ്രകാരമാണ് തുടർനടപടി സ്വീകരിക്കേണ്ടത് എന്നതിനാൽ ടിയാന്റെ വാദം നിലനിൽക്കുന്നതല്ല എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. **KSR Part III Chapter 1 Rule 3 Note-3 - The liabilities of an employee should be quantified either before or after retirement and intimated to him before retirement, if possible or after retirement within a period of three years on becoming pensioner. The liabilities of pensioner should quantified and intimated to him** എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഷോപ്പിങ്ങ് കോംപ്ലക്സിലെ കടമുറികൾ ലേലം ചെയ്ത് നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന് **21370/-** രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി **17.01.2018**-ൽ തന്നെ തുക നിശ്ചയിച്ച് നൽകിയത് ടിയാൻ വിരമിക്കുന്നതിന് മുൻപായിരുന്നു. ആയതിനാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് കാരണം കാണിക്കൽ നോട്ടിസ് നൽകിയിട്ടുള്ളത്. ടി സാഹചര്യത്തിൽ ടിയാന്റെ വാദം അംഗീകരിക്കത്തക്കതല്ല എന്നും നിലനിൽക്കുന്നതില്ല എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.*

**15.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഡി. വിക്ടർ രാജിനെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി നൽകിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ നൽകിയ മറുപടിയുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച വാദങ്ങൾ യാതൊന്നും നിലനിൽക്കുന്നതല്ലായെന്നും ടിയാനെതിരെയുള്ള ശിക്ഷാനടപടികൾ തുടരാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വിക്ടർ രാജിന് **KSR Part III** ചട്ടം **3 (a)** പ്രകാരം, മാസപെൻഷനിൽ നിന്നും **400/-** രൂപാ വീതം തുടർച്ചയായി **5** വർഷത്തേക്ക് കുറയ്ക്കുവാൻ താല്കാലികമായി തീരുമാനിച്ച് നൽകിയ കാരണം കാണിക്കൽ നോട്ടീസ് അനുസരിച്ചുള്ള ശിക്ഷാ നടപടികൾ സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും പരാമർശം **(12)** പ്രകാരം കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും, അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുകയുണ്ടായി.

**16.** ശ്രീ. വിക്ടർ രാജിനെതിരെ **KSR Part III** ചട്ടം **3(a)** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ടിയാനെ **07.08.2025**-ന് ഓൺലൈനായി

കേൾക്കുകയും, പ്രസ്തുത ഹിയറിംഗിലും ടിയാൻ സമർപ്പിച്ച പരാമർശം (12) പ്രകാരമുള്ള മറുപടി പ്രസ്താവനയിലും ടിയാനെതിരെ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച്, എതിർവാദപത്രികയിൽ നല്കിയ മറുപടിയിൽ കൂടുതലായൊന്നും തന്നെ ബോധിപ്പിച്ചിരുന്നില്ല.

17. മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വിക്ടർ രാജിന്-നെതിരെ **KSR Part III** ചട്ടം **3 (a)** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **400/-** രൂപാ വീതം തുടർച്ചയായി **5** വർഷത്തേക്ക് കുറവ് വരുത്തുവാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെട്ടുത്തി പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഡി. വിക്ടർ രാജ്, മുൻ സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്, ഇടുക്കി *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. *(ആമുഖ കത്ത് സഹിതം).*
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ഇടുക്കി.
6. വിജിലൻസ് (ഡി) വകുപ്പ് (**21/01/2024** തീയതിയിലെ **VIG-D3/295/2018-VIG** നമ്പർ കുറിപ്പ് പ്രകാരം).
7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി4/40/2021/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 03-10-2025 13:07:39
സെക്ഷൻ ഓഫീസർ